**File No.FWLD-D2/171/2019-FWLD**

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4151 24.06.2019 ൽ മറുപടിയ്ക്ക്

### വന്യമൃഗങ്ങളുടെ ആക്രമണത്തിനുള്ള നഷ്ടപരിഹാരം

| ചോദ്യം<br>ശ്രീ. കെ. വി.വിജയദാസ് | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് പുതിയതായി ഏർപ്പെടുത്തിയിട്ടുള്ളത്? | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും 05.04.2018-ലെ സർക്കാർ ഉത്തരവ് (കൈ)നം.17/18/വനം പ്രകാരം നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ വന്യജീവി ആക്രമണം മൂലമുള്ള മരണത്തിന് അനന്തരാവകാശികൾക്ക് 10 ലക്ഷം രൂപയും (5 ലക്ഷം രൂപ അനന്തരാവകാശിക്ക് മരിച്ചയാളുടെ ബന്ധുവാണെന്ന് തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആദ്യഗഡുവായും, ബാക്കി തുക അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും നൽകുന്നു). വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണത്തിന് 2 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. |

സെക്ഷൻ ഓഫീസർ